(ബി) എങ്കിൽ ഈ ഉത്തരവ് കെ.എസ്.ഐ.ഡി.സി.-യിൽ നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) ഇത് നടപ്പിലാക്കിയാൽ കെ.എസ്.ഐ.ഡി.സി.-യിൽ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കും;

(ഡി) കെ.എസ്.ഐ.ഡി.സി.-യിൽ ലാസ്റ്റ് ഗ്രേഡ് സർവീസുകാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർവ്വീസ് റൂൾസ് അനുസരിച്ച് 60 വയസുവരെ തുടരാവുന്നതാണ്.

(ബി) കെ. എസ്. ഐ. ഡി. സി.-ക്ക് കെ. എസ്. ആർ. ബാധകമല്ല. കെ.എസ്.ഐ.ഡി.സി.-ക്ക് സ്വന്തമായ സേവനവേതന വ്യവസ്ഥകളടങ്ങുന്ന സ്റ്റാഫ് റൂൾസ് ആന്റ് റഗുലേഷൻസ് ഉണ്ട്. ഇതനുസരിച്ച് കെ.എസ്.ആർ.-ലെ ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പാർട്ട്ടൈം കണ്ടിജന്റ് വിഭാഗമൊഴിച്ചുള്ള എല്ലാ ജീവനക്കാരുടെയും റിട്ടയർമെന്റ് പ്രായം 58 വയസ് ആണ്. പാർട്ട്ടൈം കണ്ടിജന്റ് കാർക്ക് 60 വയസുവരെ തുടരാം.

കശുവണ്ടി വ്യവസായമേഖലയിലെ തൊഴിൽ ദിനങ്ങൾ

141 [1318] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിൽ 1996-1997 സാമ്പത്തികവർഷം മുതൽ 2004-2005 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സാമ്പത്തികവർഷവും ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ച ശരാശരി വേതനം എത്രയാണെന്നത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996-1997 മുതൽ 2004-2005 വരെ കാപ്പെക്സിലും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലുമായി താഴെപ്പറയുന്നപ്രകാരം തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കാപ്പെക്സ്

1996 — 72 ദിവസം

1997 — 90 ,,

1998 — 40 ,,

1999 — 125 ,,

2000 — 73 ,,

2001 — ഇല്ല

2002 — 29 ദിവസം

2003 — 51 ,,

2004 — 136 ,,

2005 — 90 ,, (ജോലി തുടർന്നും നൽകിക്കൊണ്ടിരിക്കുന്നു.)

കശുവണ്ടിവികസന കോർപ്പറേഷൻ

1996-1997 — 38 ദിവസം

1997-1998 — 80 ,,

1998-1999 — 63 ,,

1999-2000 — 151 ,,

2000-2001 — 165 ,,

2001-2002 — 23 ,,

2002-2003 — ഇല്ല

2003-2004 — 18 ദിവസം

2004-2005 — 67 ,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാപ്പെക്സ്/കശുവണ്ടിവികസന കോർപ്പറേഷൻ എന്നിവയിൽ ഇക്കാലയളവിൽ ഓരോ വർഷവും ലഭിച്ച ശരാശരി വേതനം താഴെപ്പറയും പ്രകാരമാണ്:

കശുവണ്ടിവികസന കോർപ്പറേഷൻ

1996-1997 — 2770 രൂപ
1997-1998 — 5125 ,,
1998-1999 — 4625 ,,
1999-2000 — 12340 ,,
2000-2001 — 14900 ,,
2001-2002 — 3260 ,,
2002-2003 — ഇല്ല
2003-2004 — 2525 രൂപ
2004-2005 — 6765 ,,

കാപ്പെക്സ്

1996 — 2908 രൂപ
1997 — 3981 ,,
1998 — 1897 ,,
1999 — 8600 ,,
2000 — 5237 ,,
2001 — ഇല്ല
2002 — 2237 രൂപ
2003 — 4081 ,,
2004 — 11191 ,,
2005 — 7470 ,,

LIBRARY ARCHIVES Kerala Legislative Assembly